# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

# യെഹെസ്കേൽ: ദർശനങ്ങളുടെ മനുഷ്യൻ



എഴുതിയത് : Edward Hughes
ഉദാഹരണം : Lazarus
അംഗികരിച്ചത് : Ruth Klassen
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2015 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

വർഷങ്ങൾക്കുമുമ്പ്, ശക്തൻമാരായ സൈന്യങ്ങൾ യെഹൂദയെ ആക്രമിക്കുകയും ദൈവജനങ്ങളിൽ ധാരാളം പേരെ പ്രവാസികളായി ബാബിലോണിലേക്ക് കൊണ്ടുപോകയും ചെയ്തു.



വീട്ടിൽനിന്ന് വളരെ ദൂരെ, ഈ യെഹൂദന്മാർ കേബാർ നദീതീരത്ത് പാർത്തു. അവരിൽ ഒരാളായിരുന്നു ദൈവത്തിന്റെ ദാസനും പ്രവാചകനുമായ യെഹെസ്കേൽ.



ഒരു ദിവസം ദൈവം യെഹെസ്കേലിന് ഒരു ദർശനം നല്കി. ദൈവത്തിന്റെ മഹത്വം ഒരു അഗ്നിപോലെ, നാലുഅഗ്നിമയ ജീവികളുടെ സാദൃശ്യത്തിൽ പ്രത്യക്ഷപ്പെട്ടു. ഓരോ ജീവിക്കും നാലു മുഖവും നാലു ചിറകും ഉണ്ടായിരുന്നു. അവയുടെ തലയ്ക്കുമീതെ നീലക്കല്ലുകൊണ്ടുള്ള മനോഹരമായ സിംഹാസനമുണ്ടായിരുന്നു. അതിന്റെ ചുറ്റുമുള്ള പ്രകാശം മഴവില്ലിന്റേതുപോലെ ആയിരുന്നു.



ദൈവം യെഹെസ്കേലിനോട് അരുളിച്ചെയ്തു: “ഞാൻ നിന്നെ യിസ്രായേൽമക്കളുടെ അടുത്തേക്ക് അയക്കുന്നു. അവർ അനുസരണംകെട്ടവർ ആയതിനാൽ എന്റെ വാക്കുകൾ അവരോട് സംസാരിക്കുക.” ചുരുളുകൾ പിടിച്ചിരിക്കുന്ന ഒരു കൈ പ്രത്യക്ഷപ്പെട്ടു. ദൈവം പറഞ്ഞു; “ഈ ചുരുള് തിന്നുക,



എന്നിട്ട് പോയി യിസ്രായേൽ ജനത്തോട് സംസാരിക്കുക.” എന്തൊരു വിചിത്രമായ കല്പന! പക്ഷേ, യെഹെസ്കേൽ അനുസരിച്ചു, ചുരുൾ തിന്നുകയും പോവുകയും ചെയ്തു.

ദൈവത്തിന്റെ ആത്മാവ്
യെഹെസ്കേലിനെ
എടുത്ത് കേബാർ
നദീതീരത്ത് യെഹൂദന്മാർ
പ്രവാസികളായിരിക്കുന്ന
സ്ഥലത്തേക്കു
കൊണ്ടുപോയി. അവിടെ
അവർ ഇരുന്ന ഇടത്തുതന്നെ
താൻ കണ്ട കാഴ്ച
ഉറ്റുനോക്കിക്കൊണ്ട്
അവൻ
ഏഴുദിവസം
ഇരുന്നു.



അവിടെ
ദൈവം
യെഹെസ്കേലിനെ
ഒരു കാവല്ക്കാരനാക്കി.
ദുഷ്ടത
പ്രവർത്തിക്കുന്നവർ
ദൈവത്തോട്
അനുസരണക്കേടു
കാട്ടരുതെന്ന് അവൻ
മുന്നറിയിപ്പു നൽകി.






ദൈവവചനം ജനങ്ങൾക്ക്
മനസിലാക്കിക്കൊടുക്കുവാൻ
യെഹെസ്കേൽ അപരിചിതമായ ധാരാളം കാര്യങ്ങൾ ചെയ്തു.
ഒരു ഇഷ്ടികയിൽ അവൻ യെരൂശലേമിന്റെ ചിത്രം വരച്ചു.
യെരൂശലേമിന് ചുറ്റും ശക്തമായ സൈന്യം നില്ക്കുന്ന
ചിത്രം വരച്ചുകൊണ്ടുനിന്ന യെഹെസ്കേലിന്റെ
തോളത്തേക്ക് ജനങ്ങൾ നോക്കിനിന്നിട്ടുണ്ടാവും.
ദൈവത്തിന്റെ വിശുദ്ധനഗരം താമസംവിന
തകർക്കപ്പെട്ടുവെന്ന് കാണിക്കുകയായിരുന്നു താൻ.

വടക്കേരാജ്ജ്യമായ യിസ്രായേൽ മുന്നൂറ്റി തൊണ്ണൂറ് വർഷവും ദക്ഷിണരാജത്വമായ യെഹൂദ നാല്പതു വർഷവും ദൈവത്തോട് അനുസരണക്കേടു കാട്ടി. അതുകൊണ്ടാണ് യിസ്രായേൽ തകർക്കപ്പെടുകയും യെഹൂദ അധികം താമസിക്കാതെ കീഴടക്കപ്പെടുകയും ചെയ്യുന്നത്.



മുന്നൂറ്റി തൊണ്ണൂറു ദിവസം ഇടതുവശം ചരിഞ്ഞും നാല്പതു ദിവസം വലതുവശം ചരിഞ്ഞും കിടക്കുവാൻ ദൈവം യെഹെസ്കേലിനോട് പറഞ്ഞു. കാലങ്ങളായി തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പാപത്തെക്കുറിച്ച് ജനങ്ങളെ ഓർപ്പിക്കുവാനാണ് ഇതു ചെയ്തത്.





യെഹെസ്കേൽ തികച്ചും ഒരു വിചിത്ര മനുഷ്യനാണെന്ന് ജനങ്ങൾ ചിന്തിക്കുവാൻ തുടങ്ങിയിരിന്നു. ദൈവം തന്നോട് ചെയ്യാൻ പറഞ്ഞതൊക്കെയും താൻ ചെയ്തു. ഒരു ദിവസം തന്റെ മുടി മുഴുവനും ക്ഷൗരം ചെയ്യുകയും അതിൽ മൂന്നിലൊന്ന് കത്തിച്ചുകളയുകയും ചെയ്തു.



ബാബിലോണ്യസൈന്യം പട്ടണത്തെ ആക്രമിച്ചു കഴിയുമ്പോൾ രോഗത്താലും ക്ഷാമത്താലും യെരൂശലേം വാസികളിൽ മൂന്നിൽ ഒന്ന് മരിച്ചുപോകുമെന്ന് കാണിക്കുവാനായിരുന്നു അത്.



യെഹെസ്കേൽ മറ്റൊരു മൂന്നിലൊന്നു ഭാഗം മുടി എടുത്ത് വാൾകൊണ്ട് ഛേദിച്ചുകളഞ്ഞു. ശത്രുവിന്റെ വാളാൽ ജനത്തിൽ മൂന്നിലൊന്ന് കൊല്ലപ്പെടുമെന്ന് കാണിക്കുവാനായിരുന്നു അങ്ങനെ ചെയ്തത്. അവസാനത്തെ മൂന്നിലൊന്നു ഭാഗം മുടി യെഹെസ്കേൽ എടുത്ത് കാറ്റിൽ പറപ്പിച്ചുകളഞ്ഞു.



എന്നാൽ അവൻ അവയിൽ ചിലത് എടുത്ത് തന്റെ വസ്ത്രത്തിന്റെ കോന്തലയ്ക്കൽ കെട്ടി. ദൈവം തന്റെ ജനത്തിൽനിന്ന് ഒരു അംശത്തെ സംരക്ഷിക്കയും വാഗ്ദത്ത ദേശത്തേക്ക് മടക്കിവരുത്തുകയും ചെയ്യും എന്നതിന്റെ അടയാളമായിരുന്നു അത്.



തങ്ങൾ ആഗ്രഹിക്കുന്നതുപോലെ ഒരു ശുഭകാലമായിരിക്കയില്ല, സംഗതികൾ അധികം വഷളാകാനാണു പോകുന്നതെന്ന് പ്രവാസികളായ യെഹൂദന്മാരോട് ധീരനായ ഈ പ്രവാചകൻ പറഞ്ഞു. ജനങ്ങൾ യെഹെസ്കേലിനോട് കോപിച്ചു. പക്ഷേ, താൻ ദൈവത്തിന്റെ വചനം സംസാരിച്ചുകൊണ്ടിരുന്നു.



ഒരു ദിവസം അവൻ യിസ്രായേൽ മൂപ്പന്മാരോടൊപ്പം ഇരിക്കുമ്പോൾ, ദൈവം യെഹെസ്കേലിനൊരു ദർശനം നല്കി. ആ ദർശനത്തിൽ ദൈവം യെഹെസ്കേലിനെ തന്റെ മുടിയിൽ പിടിച്ച് പൊക്കി എടുത്തുകൊണ്ട് യെരൂശലേം ദൈവാലയത്തിലേക്ക് കൊണ്ടുപോയി.



ദൈവാലയത്തിൽ ദൈവം യെഹെസ്കേലിന് കാണിച്ചുകൊടുത്തത് ഇഴയുന്ന ജീവികൾ, അശുദ്ധ മൃഗങ്ങൾ, ബിംബങ്ങൾ തുടങ്ങിയവയാണ്. ഇവയൊന്നും ഒരിക്കലും ദൈവത്തിന്റെ മന്ദിരത്തിൽ ഉണ്ടായിരിക്കാൻ പാടില്ല.



ദൈവത്തെ ആരാധിക്കുന്നതിനുപകരം നേതാക്കന്മാർ ഇവയെ ആണ് ആരാധിച്ചിരുന്നത്. ദൈവത്തിന്റെ മഹത്വം ഈ ആലയത്തിൽനിന്ന് വിട്ടുപോവുകയും ആലയം നശിപ്പിക്കപ്പെടുകയും ചെയ്യുമെന്നും ദൈവം യെഹെസ്കേലിനോട് അരുളിച്ചെയ്തു.



ദർശനം അവസാനിച്ചപ്പോൾ, യെഹെസ്കേൽ
യെഹൂദന്മാരോട് ഇതേക്കുറിച്ച് പറഞ്ഞു.





ദൈവം അരുളിച്ചെയ്തതെല്ലാം യാഥാർത്ഥ്യമായി. യെരൂശലേം നശിപ്പിക്കപ്പെട്ടു. അനേകമാളുകൾ പട്ടുപോയി. പ്രവാസികളായി ബാബിലോണിൽ കഴിയുന്ന യെഹൂദന്മാർ ഇതേക്കുറിച്ച് കേട്ടപ്പോൾ, ദൈവം തങ്ങളെ സദാകാലത്തേക്കും ഉപേക്ഷിച്ചുവോ എന്ന് അവർ ഭയപ്പെട്ടു.

എന്നാൽ ദൈവം തന്റെ പ്രവാചകന് മറ്റൊരു സന്ദേശം നൽകി. ഉണങ്ങിയ അസ്ഥികൾ–മനുഷ്യ അസ്ഥികൾ നിറഞ്ഞ ഒരു താഴ്വരയിലേക്ക് ദൈവം



യെഹെസ്കേലിനെ നയിച്ചു.

“മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ?” ദൈവം യെഹെസ്കേലിനോട് ചോദിച്ചു. യെഹെസ്കേലിന്റെ മറുപടി “യഹോവയായ ദൈവമേ, നീ അറിയുന്നു” എന്നായിരുന്നു. ഉണങ്ങിയ അസ്ഥികൾക്ക് തീർച്ചയായും ജീവിക്കുവാൻ കഴിയുകയില്ല.



ദൈവം അരുളിച്ചെയ്തു, “ഈ അസ്ഥികളോട് പ്രവചിക്ക, ഇങ്ങനെ പറയുക, ‘അല്ലയോ അസ്ഥികളെ, ദൈവത്തിന്റെ വചനം കേൾക്കുക! നീ ജീവൻ പ്രാപിക്കും.’” അവൻ അനുസരിച്ചപ്പോൾ, യെഹെസ്കേൽ ഇളകുന്നഒരു ശബ്ദം കേട്ടു. അതിനു കാരണം എന്താണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?



പ്രവാചകൻ ആശ്ചര്യഭരിതനായി നോക്കിനിൽക്കുമ്പോൾ
അസ്ഥികൾ അസ്ഥികളോടു ചേർന്ന് ശരീരം ഒന്നായി ചേർന്നു.



പിന്നെ അതിന്മേൽ മാംസം വന്നു.



അതിന്മേൽ ത്വക്ക് ആവരണം ചെയ്തു, എന്നാൽ അവയിൻമേൽ ശ്വാസം ഇല്ലായിരുന്നു.



ദൈവം പറഞ്ഞു, “പ്രവചിക്കുക മനുഷ്യപുത്രാ, എന്നിട്ടു പറയുക, ശ്വാസമേ, നീ നാല് കാറ്റുകളിൽനിന്ന് വരിക. ജീവിക്കേണ്ടതിന് ഇതിന്മേൽ ഊതുക.” അവർ ജീവിച്ചു, അവരുടെ കാലിൽ നിവർന്നുനിന്നു. ഇപ്പോൾ ആ താഴ്വര ഒരു വലിയ സൈന്യത്താൽ നിറഞ്ഞിരിക്കുന്നു.



യരൂശലേം തകർന്നപ്പോൾ ബാബിലോണിൽ കഴിയുന്ന യെഹൂദന്മാരുടെ ആശ നഷ്ടപ്പെട്ടുവെന്ന് ദൈവം അറിഞ്ഞു. യെഹെസ്കേലിന്റെ ദർശനത്തിലൂടെ ദൈവം ഒരു സന്ദേശം അയച്ചു.



“ഈ അസ്ഥികൾ യിസ്രായേൽഗൃഹം മുഴുവനുമാണ്,” ദൈവം തുടർന്നു പറഞ്ഞു “ഞാൻ എന്റെ ആത്മാവിനെ നിന്റേമേൽ വയ്ക്കും, നിന്റെ സ്വന്തദേശത്തുതന്നെ നിന്നെ കൊണ്ടുവരും.”



ദൈവത്തിൽനിന്ന് എന്തൊരു പ്രത്യാശാനിർഭരമായ ദൂത്! യെഹൂദന്മാർ അവരുടെ സ്വന്ത നാട്ടിലേക്ക് പിന്നീടു മടങ്ങിവന്നപ്പോൾ യെഹെസ്കേലിന്റെ ഈ പ്രവചനം സത്യമായി.



യഹോവയായ ദൈവം അവരെ തങ്ങളുടെ വീട്ടിലേക്ക് മടക്കികൊണ്ടുവന്നു എന്ന് അവരിപ്പോളറിഞ്ഞു. ദൈവത്തിന്റെ വചനം എക്കാലത്തും യാഥാർഥ്യമാകും!



യെഹെസ്കേൽ: ദർശനങ്ങളുടെ മനുഷ്യൻ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

യെഹെസ്കേൽ

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക. യോഹന്നാൻ 3:16